**SREE SANKARACHARYA UNIVERSITY OF SANSKRIT**
**Re Accredited by NAAC with A+ Grade**

**Kalady Post,**
Ernakulam Dist., Kerala –683574
Fax: 0484-2463480
Ph: 0484-2463380
Email:ssusreg@gmail.com

നം:766/എസിഡി.ബി2/2023/എസ്.എസ്.യു.എസ്.		തീയതി : 06.05.2023

പ്രേഷകൻ

രജിസ്ട്രാർ

സ്വീകർത്താവ്

-------------------------------------

അംഗം, അക്കാദമിക് കൗൺസിൽ
എസ്.എസ്.യു.എസ്., കാലടി.

സർ/മാഡം

വിഷയം : 07.03.2023-ന് നടന്ന 56-ാമത് അക്കാദമിക് കൗൺസിൽ യോഗം - അംഗീകരിച്ച നടപടിച്ചുരുക്കം അയയ്ക്കുന്നത് - സംബന്ധിച്ച്

07.03.2023 ന് രാവിലെ 11 മണിക്ക് നടന്ന 56-ാമത് അക്കാദമിക് കൗൺസിൽ യോഗത്തിൻെറ അംഗീകരിച്ച നടപടിച്ചുരുക്കം താങ്കളുടെ അറിവിലേക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

രജിസ്ട്രാർ

ഉള്ളടക്കം : 56-ാമത് അക്കാദമിക് കൗൺസിൽ യോഗത്തിൻെറ അംഗീകരിച്ച നടപടി ച്ചുരുക്കം

# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

## കാലടി

## 56-ാമത് അക്കാദമിക് കൗൺസിൽ യോഗം

**07.03.2023**

## അംഗീകരിച്ച നടപടിച്ചുരുക്കം

श्रीशङ्करचार्यसंस्कृतसर्वकलाशाला, कालटी

SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## 56-ാമത് അക്കാദമിക് കൗൺസിൽ യോഗ നടപടിച്ചുരുക്കം

തീയതി : 07.03.2023 സമയം : 11.00 AM

സ്ഥലം : യൂട്ടിലിറ്റി സെന്റർ

**പങ്കെടുത്തവർ**

| | | | |
|---|---|---|---|
| 1. | ഡോ.എം.വി. നാരായണൻ, വൈസ് ചാൻസലർ | - | ഒപ്പ് |
| 2. | ഡോ.കെ.മുത്തുലക്ഷ്മി, പ്രൊ- വൈസ് ചാൻസലർ | - | ഒപ്പ് |
| 3. | ഡോ. എം. ബി ഗോപാലകൃഷ്ണൻ, രജിസ്ട്രാർ | - | ഒപ്പ് |
| 4. | കെ. പ്രേംകുമാർ എം എൽ എ | - | ഒപ്പ് |
| 5. | ഡോ. സി.എം മനോജ് കുമാർ | - | ഒപ്പ് |
| 6. | ശ്രീ എൻ ആദിൽ | - | ഒപ്പ് |
| 7. | ഡോ.ബിച്ചു എക്സ് മലയിൽ | - | ഒപ്പ് |
| 8. | ഡോ.സാജു ടി.എസ്. | - | ഒപ്പ് |
| 9. | ഡോ. ടി ജി ജ്യോതിലാൽ | - | ഒപ്പ് |
| 10. | ഡോ. അബു കെ. എം | - | ഒപ്പ് |
| 11. | ഡോ. വത്സലൻ വി എ | - | ഒപ്പ് |
| 12. | ഡോ. പി സനൽ മോഹൻ | - | ഒപ്പ് |
| 13. | ഡോ. വി ജി ഗോപാലകൃഷ്ണൻ | - | ഒപ്പ് |
| 14. | എം കുഞ്ഞിമൊയ്തീൻ കുട്ടി | - | ഒപ്പ് |
| 15. | ഡോ. കിരൺ എ യു | - | ഒപ്പ് |
| 16. | ഡോ. എം.സത്യൻ | - | ഒപ്പ് |
| 17. | ഡോ. വി കെ ഭവാനി | - | ഒപ്പ് |
| 18. | ഡോ.സരിത ടി പി | - | ഒപ്പ് |
| 19. | ഡോ. സുനിത ഗോപാലകൃഷ്ണന് | - | ഒപ്പ് |
| 20. | ഡോ. എം.എസ് മുരളീധരൻ പിള്ള | - | ഒപ്പ് |
| 21. | ശ്രീ അരുൺജിത്ത് ടി പി | - | ഒപ്പ് |
| 22. | പ്രവീണ കെ | - | ഒപ്പ് |
| 23. | ശ്രീ ലൂക്കോസ് ജോർജ്ജ് | - | ഒപ്പ് |
| 24. | ഡോ. ഷീബ കെ എം | - | ഒപ്പ് |
| 25. | ശ്രീമതി സിന്ധു എസ്. | - | ഒപ്പ് |
| 26. | ഡോ.ബാബു രാജൻ പി പി | - | ഒപ്പ് |

| | | | |
|---|---|---|---|
| 27. | ഡോ. ജോസ് ആന്റണി | - | ഒപ്പ് |
| 28. | ഡോ. എസ് പ്രിയ | - | ഒപ്പ് |
| 29. | ഡോ. കെ. കെ കൃഷ്ണകുമാർ | - | ഒപ്പ് |
| 30. | ഡോ. ഉണ്ണികൃഷ്ണൻ പി | - | ഒപ്പ് |
| 31 | ഡോ. ശീതൾ എസ് കുമാർ | - | ഒപ്പ് |
| 32. | ഡോ. സന്ധ്യ അരവിന്ദ് സി എ | - | ഒപ്പ് |
| 33. | ഡോ. യമുന കെ | - | ഒപ്പ് |
| 34. | ഡോ. അംബിക കെ ആർ | - | ഒപ്പ് |
| 35. | ഡോ. ശ്രീകല നായർ | - | ഒപ്പ് |
| 36. | പ്രൊഫസർ ബേബി ശാരി പി എ | - | ഒപ്പ് |
| 37 | രജിത അമ്പിളി കെ. സി | - | ഒപ്പ് |
| 38. | ഡോ. പി നാരായണൻ നമ്പൂതിരി | - | ഒപ്പ് |
| 39. | പ്രൊഫസർ ഡി സലിംകുമാർ | - | ഒപ്പ് |
| 40. | പ്രൊഫസർ എസ് മോഹൻ ദാസ് | - | ഒപ്പ് |
| 41. | ഡോ. രാമൻകുട്ടി പി വി | - | ഒപ്പ് |
| 42. | ഡോ. ശിവദാസൻ പി | - | ഒപ്പ് |
| 43. | ഡോ. ഗീതാമണി അമ്മ | - | ഓൺലൈൻ |
| 44. | ഡോ. കെ ശ്രീലത | - | ഓൺലൈൻ |
| 45. | പ്രൊ. കെ മണികണ്ഠൻ | - | ഓൺലൈൻ |
| 46. | ഡോ.എം മണി മോഹനൻ | - | ഓൺലൈൻ |
| 47. | ഡോ. മഞ്ജു ഗോപാൽ | - | ഓൺലൈൻ |
| 48. | ശ്രീമതി ചിത്ര പണിക്കർ | - | ഓൺലൈൻ |
| 49. | ഡോ. സി രാജേന്ദ്രൻ | - | ഓൺലൈൻ |
| 50. | ഡോ. മിനി ടി | - | ഓൺലൈൻ |
| 51. | ഡോ. കമറുന്നിസ കെ | - | ഓൺലൈൻ |
| 52. | ഡോ. വാസുദേവൻ വി | - | ഓൺലൈൻ |
| 53. | ഡോ. വി.കെ വിജയൻ | - | ഓൺലൈൻ |

I. അഭിസംബോധന (Introduction By the Chair

07.03.2023 തീയതിയിലെ 56-ാം അക്കാദമിക് കൗൺസിൽ യോഗത്തിലേക്കുള്ള ബഹു. വൈസ് ചാൻസലറുടെ റിപ്പോർട്ട്

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

14.09.2022 തീയതിയിലെ 55-ാം അക്കാദമിക് കൗൺസിൽ യോഗത്തിന് ശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

മുൻ കേന്ദ്ര പ്രതിരോധമന്ത്രിയായിരുന്ന ശ്രീ. മുലായം സിങ്ങ് യാദവ്, സംസ്ഥാന മന്ത്രിമാരായിരുന്ന ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീ. കൊടിയേരി ബാലകൃഷ്ണൻ, സംസ്കൃത സർവകലാശാലാ മലയാള വിഭാഗം പ്രൊഫസറും വിഭാഗാധ്യക്ഷനും ആയിരുന്ന ഡോ. സ്കറിയ സക്കറിയ, സർവകലാശാലയിലെ സംസ്കൃതം ജനറൽ വിഭാഗം വിദ്യാർത്ഥി ശ്രീ. അമിത് സേവ്യർ എന്നിവരുടെ നിര്യാണത്തിലും മറ്റ് കലാ, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്ത് കർമ്മ നിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

1. 2022 ഒക്ടോബർ 11, 12 തീയതികളിലായി സർവകലാശാലാ മുഖ്യകേന്ദ്രത്തിൽ സംസ്കൃത ദിനാചരണം സംഘടിപ്പിച്ചു. വാരണാസി ഹിന്ദു സർവകലാശാലാ പ്രൊഫസർ ഡോ. സച്ചിദാനന്ദ മിശ്ര - യാണ് പ്രസ്തുത ചടങ്ങ് ഉദ്ഘാടനം ചെയ്തത്.
2. കേരള ചരിത്ര ഗവേഷണ കൗൺസിലിന്റെ 'കോസ്മോസ് മലബാറിക്കസ്' എന്ന പ്രോജക്ടുമായി സർവകലാശാലയുടെ സഹകരണം ആവശ്യപ്പെട്ടതനുസരിച്ച് ഒരു ധാരണാപത്രം ഒപ്പിടാനുള്ള നടപടികൾ ആരംഭിക്കുകയും 28.01.2021 ൽ കൂടിയ 187 -ാം സിൻഡിക്കേറ്റ് യോഗം ഇതിന് അനുവാദം നൽകുകയും ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിന് കേരള ചരിത്ര ഗവേഷണ കൗൺസിലിന്റെ ചെയർപേഴ്സൺ ഡോ. പി. കെ മൈക്കിൾ തരകൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുന്നു.
3. സംസ്കൃത പ്രചരണ വിഭാഗത്തിന്റെ കീഴിലുള്ള ശാസ്ത്രസംവർദ്ധിനി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ശാസ്ത്രബോധിനി പരീക്ഷയെ അടിസ്ഥാനമാക്കി 6 മാസം നീണ്ടുനിൽക്കുന്ന അർദ്ധ സംഗ്രഹ കോഴ്സ് ഓൺലൈനായി നടത്താൻ തീരുമാനിക്കുകയും, പ്രസ്തുത കോഴ്സ് 21.10.2022 ന് തൃപ്പൂണിത്തുറ ഗവൺമെന്റ് സംസ്കൃത കോളേജ് മുൻ വൈസ് പ്രിൻസിപ്പൽ പ്രൊഫ. കൃഷ്ണകുമാർ ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ ബഹു. വൈസ് ചാൻസലർ അധ്യക്ഷത വഹിച്ചു.
4. മലയാള ഭാഷാ വാരാചരണത്തിന്റെ ഭാഗമായി 2022 നവംബർ 10 -ാം തീയതി മലയാള ഭാഷയുടെ വളർച്ചയ്ക്കും സംരക്ഷണത്തിനുമായി സർവകലാശാലാ ഏർപ്പെടുത്തിയ ഡോ.

പ്രദീപൻ പാമ്പിരിക്കുന്ന് സ്മാരക മാതൃഭാഷാ പുരസ്കാരം ഡോ. എം. പി. പരമേശ്വരന് ബഹു. വൈസ് ചാൻസലർ സമ്മാനിച്ചു.

5. സംസ്ഥാന സർക്കാരിന്റെ 2019-2021 കാലയളവിലെ ഇ-ഗവേണൻസിനുള്ള അവാർഡുകളിൽ ഇ-ലേണിംഗ് വിഭാഗത്തിൽ സർവകലാശാലയ്ക്ക് മൂന്നാം സ്ഥാനം ലഭിച്ചു. പ്രസ്തുത അവാർഡ് 03.12.2022 ന് ബഹു. വിദ്യാഭ്യാസ മന്ത്രി ശ്രീ. വി ശിവൻകുട്ടിയിൽ നിന്നും പ്രോ-വൈസ് ചാൻസലർ ഡോ. കെ. മുത്തുലക്ഷ്മി ഏറ്റുവാങ്ങി. സർവകലാശാലാ ഐ. ക്യൂ. എ. സി യുടെ നേതൃത്വത്തിൽ ഐ. റ്റി വിഭാഗം വികസിപ്പിച്ച എൽ. എം. എസ് പ്ലാറ്റ്ഫോം (Learning Management System) ആണ് അവാർഡിന് അർഹമായത്.

6. ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ബിസിനസ് ടെർമിനലിന്റെ പ്രവേശന കവാടത്തിന്റെ ഇരുവശങ്ങളിലുമായി സർവകലാശാലയിലെ ചുമർ ചിത്രകലാ പൈതൃക സംരക്ഷണ കേന്ദ്രത്തിന്റെ ആദ്യ സംരംഭമായ കേരളീയ കലകളുടെ ചുമർചിത്രം പൂർത്തീകരിക്കുകയും പ്രസ്തുത ചടങ്ങിൽ സർവകലാശാലയെ പ്രതിനിധീകരിച്ച് ബഹു. വൈസ് ചാൻസലറും, രജിസ്ട്രാറും, ഡോ. സാജു ടി. എസും പങ്കെടുക്കുകയും ചെയ്തു. പ്രസ്തുത പ്രവർത്തിയിൽ പങ്കാളികളായ പെയിന്റിംഗ് വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും മുൻ വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ.

7. ബിരുദ വിദ്യാർത്ഥികൾക്കുള്ള ഇൻഡക്ഷൻ പ്രോഗ്രാം 06.12.2022 ന് സർവകലാശാല മുഖ്യകേന്ദ്രത്തിൽ വച്ച് നടത്തുകയുണ്ടായി.

8. 07.12.2022 തീയതിയിൽ നടന്ന സിൻഡിക്കേറ്റ് യോഗതീരുമാനം അനുസരിച്ച് അക്കാദമിക് പുനഃസംഘടനയുമായി ബന്ധപ്പെട്ട നിർദേശങ്ങൾ ചർച്ച ചെയ്യുന്നതിന് അധ്യാപക അനധ്യാപക വിദ്യാർഥി സമൂഹമായും സർവകലാശാലയിൽ നിന്നും വിരമിച്ച അധ്യാപക അനധ്യാപക സമൂഹമായും വൈസ് ചാൻസലറും, പ്രോ വൈസ് ചാൻസലറും നേരിട്ട് സംവദിക്കുകയും അവരുടെ നിർദ്ദേശങ്ങൾ 31.01.2023 തീയതിക്കകം പ്രോ വൈസ് ചാൻസലർക്ക് നേരിട്ടോ restructuring@ssus.ac.in എന്ന ഇ-മെയിലിലേക്കോ സമർപ്പിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച പ്രതികരണങ്ങൾ റീസ്ട്രക്ച്ചറിംഗ് കമ്മറ്റിക്ക് മുമ്പാകെ സമർപ്പിക്കുകയും അടുത്ത സിൻഡിക്കേറ്റ് യോഗത്തിൽ അതുമായി ബന്ധപ്പെട്ട തീരുമാനം എടുക്കുന്നതിന് സിൻഡിക്കേറ്റിനെ ചുമതലപ്പെടുത്തുവാൻ സിൻഡിക്കേറ്റ് അംഗങ്ങൾ കൂടി ഉൾപ്പെട്ട 23.02.2023 തീയതിയിലെ റീസ്ട്രക്ച്ചറിംഗ് കമ്മറ്റി യോഗം തീരുമാനം എടുക്കുകയും ചെയ്തു എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

9. മൂന്നാമത് കൈരളി ഗവേഷണ പുരസ്കാരത്തിന് അർഹയായ മലയാള വിഭാഗം പ്രൊഫസർ ഷംഷാദ് ഹുസൈൻ കെ. ടി, കേന്ദ്ര സംഗീത നാടക അക്കാദമിയുടെ ഉസ്താദ്

ബിസ്മില്ലാ ഖാൻ അവാർഡ് ലഭിച്ച മോഹിനിയാട്ടം വകുപ്പിലെ ഗസ്റ്റ് അധ്യാപികയായ ശ്രീമതി അനുപമ മേനോൻ, നാഷണൽ സർവ്വീസ് സ്കീം (NSS) സ്ഥാപകദിനത്തിൽ പ്രഖ്യാപിച്ച NSS നേതൃത്വ അവാർഡ് ലഭിച്ച സർവകലാശാലാ ഹിന്ദി വിഭാഗം പ്രൊഫസറായ ഡോ. പി. എച്ച്. ഇബ്രാഹിംകുട്ടി എന്നിവരെ സർവകലാശാല അഭിനന്ദിക്കുന്നു.

10. 2023 ജനുവരി മൂന്ന് മുതൽ ഏഴ് വരെ ആന്ധ്രാപ്രദേശിലെ തിരുപ്പതി പദ്മാവതി മഹിളാ സർവകലാശാലയിൽ വച്ച് നടന്ന മുപ്പത്തി ആറാമത് ഇന്റർ യൂണിവേഴ്സിറ്റി സൗത്ത് സോൺ യൂത്ത് ഫെസ്റ്റിവലിലും, 2023 ഫെബ്രുവരി 24 മുതൽ 28 വരെ ബാംഗ്ളൂരിലെ ജെയിൻ സർവകലാശാലയിൽ വച്ച് നടന്ന നാഷണൽ യൂത്ത് ഫെസ്റ്റിവലിലും വിവിധ ഇനങ്ങളിൽ മത്സരിച്ച് സമ്മാനങ്ങൾ കരസ്ഥമാക്കിയ സർവകലാശാലാ വിദ്യാർത്ഥികളെ എല്ലാവരെയും അഭിനന്ദിക്കുന്നു.

11. കേരള ലളിത കല അക്കാദമിയുടെ ഈ വർഷത്തെ ആർട്ട് സ്റ്റുഡന്റ് സ്കോളർഷിപ്പിന് അർഹരായ രണ്ടാം വർഷ എം. എഫ്. എ വിദ്യാർഥിനികളായ അഞ്ജന ടി., മൃദുല പി., നാലാം വർഷ ബി. എഫ്. എ. വിദ്യാർത്ഥികളായ നന്ദു കൃഷ്ണൻ പി. എസ്., അബിൻ കെ. എ., 2022-23 വർഷത്തെ ഐ. സി. എസ്. എസ്. ആർ (ICSSR) ഡോക്ടറൽ ഫെല്ലോഷിപ്പ് സ്ക്കീമിൽ പതിനൊന്നാമത്തെ റാങ്ക് ലഭിച്ച ജ്യോഗ്രഫി വകുപ്പിലെ കുമാരി. അശ്വതി, ഇരുപത്തിരണ്ടാം റാങ്ക് ലഭിച്ച ഹിസ്റ്ററി വകുപ്പിലെ ശ്രീ. ലിജിൻ എം., 2023 ലെ റിപ്പബ്ലിക്ക് ദിന പരേഡിൽ പങ്കെടുക്കാൻ തെരഞ്ഞെടുക്കപ്പെട്ട B. A ഡാൻസ് വിഭാഗത്തിലെ കുമാരി. അശ്വതി എസ്. എന്നിവരെ സർവകലാശാല അഭിനന്ദിക്കുന്നു.

12. 2023 ഫെബ്രുവരി ഒന്ന് മുതൽ അഞ്ച് വരെ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് ഡ്രാമയിൽ വച്ച് നടന്ന പ്രഥമ അന്താരാഷ്ട്ര തീയറ്റർ സ്കൂൾ കലോത്സവത്തിന്റെ ഭാഗമായി നടത്തിയ വർക്ക്ഷോപ്പിൽ സർവകലാശാലയിലെ തീയറ്റർ വിഭാഗം വിദ്യാർഥികൾ പങ്കെടുക്കുകയും അത് അവരുടെ അക്കാദമിക വികാസത്തിന് മുതൽ കൂട്ടാവുകയും ചെയ്തിട്ടുണ്ട് എന്നും റിപ്പോർട്ട് ചെയ്യുന്നു.

13. സർവകലാശാലയിലെ മോഹിനിയാട്ടം വിഭാഗത്തിന്റെ കീഴിൽ 6 മാസത്തെ സർട്ടിഫിക്കറ്റ് പ്രോഗ്രാം സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി 2,00,000/- രൂപ ഫീസ് ഇനത്തിൽ ലഭിക്കുകയും അതുവഴി സർവകലാശാലയ്ക്ക് ആഭ്യന്തരവരുമാന ഇനത്തിൽ ഭേദപ്പെട്ട ഒരു തുക കിട്ടുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

14. ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയിലെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും അധ്യാപകരിൽ പ്രൊഫഷണൽ സമീപനം വികസിപ്പിക്കുന്നതിനും ലക്ഷ്യം വച്ച് കൊണ്ട് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ (ഹയർ സെക്കന്ററി വിഭാഗം) ആസൂത്രണം ചെയ്ത 'ഹയർ സെക്കന്ററി സ്കൂൾടീച്ചേഴ്സ് ട്രാൻസ്ഫോർമേഷൻ പ്രോഗ്രാം' (HSSTP) ന്റെ ഭാഗമായി സോഷ്യോളജി വിഷയത്തിൽ ഹയർ സെക്കന്ററി അധ്യാപകർക്ക് 10 ദിവസത്തെ പരിശീലനം സർവകലാശാല സോഷ്യോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ

സർവകലാശാലാ ആസ്ഥാനത്ത് വച്ച് 2023 ജനുവരി 20 മുതൽ 29 വരെ നടത്തുകയുണ്ടായി. സർവകലാശാലയിലെ അക്കാദമിക, ഭൗതിക, സാങ്കേതിക സൗകര്യങ്ങൾ, അധ്യാപകരുടെ വൈദഗ്ധ്യം ഉപയോഗപ്പെടുത്തുന്നതിന് 18,000/- രൂപ കൾസൾട്ടൻസി ഫീസ് ഇനത്തിൽ സർവകലാശാലയ്ക്ക് ലഭിച്ചു.

15. കേന്ദ്ര സംഗീത നാടക അക്കാദമിയുമായി സഹകരിച്ചുകൊണ്ട് നമ്മുടെ സർവകലാശാലയുടെ കാലടി മുഖ്യ കേന്ദ്രത്തിൽ സംഘടിപ്പിച്ച 'അമൃത് യുവ മഹോത്സവ് - 2021" അവാർഡ് ഫെസ്റ്റിവൽ മാർച്ച് 2 മുതൽ 4 വരെ നടന്നു. കേന്ദ്ര സംഗീത നാടക അക്കാദമി സെക്രട്ടറി ശ്രീ. അനീഷ് പി രാജൻ ഉദ്ഘാടനം നിർവഹിച്ച അവാർഡ് ഫെസ്റ്റിവലിന്റെ ചടങ്ങിൽ ബഹു. വൈസ് ചാൻസലർ അധ്യക്ഷനായിരുന്നു. 2021 വർഷത്തെ ഉസ്താദ് ബിസ്മില്ലാഖാൻ യുവ പുരസ്കാരം നേടിയ 29 യുവ പ്രതിഭകളുടെ കലാപ്രകടനങ്ങളാണ് സർവകലാശാലയുടെ 3 വേദികളിലായി അരങ്ങേറിയത്. അവാർഡ് ഫെസ്റ്റിവലുമായി ബന്ധപ്പെട്ട് Traditional Arts and Contemporary Culture എന്ന വിഷയത്തിൽ സംഘടിപ്പിച്ച ശിൽപശാലയിൽ സർവകലാശാല രജിസ്ട്രാറും കലാമണ്ഡലം വൈസ് ചാൻസലറുമായിരുന്ന ഡോ. കെ. ജി പൗലോസ്, കോഴിക്കോട് സർവകലാശാല സ്കൂൾ ഓഫ് ഡ്രാമ ഡയറക്ടർ ഡോ. അഭിലാഷ് പിള്ള, സർവകലാശാല മലയാള വിഭാഗം പ്രൊഫസർ ഡോ. സുനിൽ പി. ഇളയിടം എന്നിവർ പങ്കെടുത്തു.

16. സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചുള്ള 100 ദിന കർമ്മ പദ്ധതിയുടെ ഭാഗമായി നമ്മുടെ സർവകലാശാല പൂർത്തീകരിച്ച പദ്ധതികളുടെ ഉദ്ഘാടനം ബഹു. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു 09.03.2023 ന് ഉച്ചയ്ക്ക് 2 മണിയ്ക്ക് നിർവഹിക്കുമെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

17. സർവകലാശാലയിലെ വിവിധ അക്കാദമിക വകുപ്പുകളും, ശ്രീ ശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രവും ഈ കാലയളവിൽ സെമിനാറുകളും വെബിനാറുകളും ശില്പശാലകളും എറുഡൈറ്റ് സ്കോളർഇൻ റസിഡന്റ്സ് പ്രഭാഷണ പരമ്പരകളും Distinguished Lecture Series കളും സംഘടിപ്പിച്ചിട്ടുണ്ട്. പ്രൊഫസർ ആനന്ദ് ജയപ്രകാശ് വൈദ്യ, സാൻജോസ് സ്റ്റേറ്റ് യൂണിവേഴ്സിറ്റി, നോർത്തേൺ കാലിഫോർണിയ, ഡോ. സ്റ്റീഫൻ മ്യൂക്, യൂണിവേഴ്സിറ്റി ഓഫ് സൗത് വെയിൽസ്, ഡോ. ചിത്ര പണിക്കർ, ബാംഗ്ലൂർ യൂണിവേഴ്സിറ്റി, പ്രൊഫസർ ശംഭുനാഥ്, കൽക്കട്ട യൂണിവേഴ്സിറ്റി, പ്രൊഫ. സെസാരി ഗെയിൽ വിസ്, ജെയ്ജിലോണിയൻ യൂണിവേഴ്സിറ്റി, ക്രാക്കോ, പ്രൊഫസർ ഡേവിഡ് ഷുൾമാൻ, ഹീബ്രു യൂണിവേഴ്സിറ്റി, ജറുസലേം എന്നിവർ എറുഡൈറ്റ് സ്കോളർ ഇൻ റസിഡന്റ്സ് വിഭാഗത്തിലും ശ്രീ. ജുവാന സുമോ, പ്രശസ്ത തീയേറ്റർ കോറിയോഗ്രാഫർ, ശ്രീമതി സാവിത്രി നമ്പൂതിരി, പ്രൊഫസർ ക്രിസ്റ്റഫേ വെയിലി, ലൗവിയൻ സർവകലാശാല, ബെൽജിയം, പ്രൊഫ. ശരൺ കുമാർ ലിംബാലെ, പ്രൊഫ. അപൂർവ്വാനന്ദ എന്നിവർ Distinguished Lecture Series വിഭാഗത്തിലും സർവകലാശാലയിൽ പ്രഭാഷണങ്ങൾ നിർവഹിച്ചിട്ടുണ്ട് എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

18. സർവകലാശാലയിൽ സെന്റർ ഫോർ ഓൺലൈൻ കോഴ്സസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇ.എം.എം.ആർ.സി കോഴിക്കോട് സർവകലാശാല അധ്യാപകർക്കായി ദ്വിദിന ശിൽപശാല സംഘടിപ്പിക്കുകയുണ്ടായി. ഇതിനെതുടർന്ന് ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതിനായി സർവകലാശാല തെരഞ്ഞെടുത്തയക്കുന്ന നാല് പോസ്റ്റ് പി. എച്ച്. ഡി ഗവേഷകർക്ക് ഇ.എം.എം ആർ.സി യിൽ ഇന്റേൺഷിപ്പ് നൽകുവാനും ധാരണയായി. കൂടാതെ കൺസോർഷ്യം ഫോർ എജ്യൂക്കേഷണൽ കമ്യൂണിക്കേഷൻ സർവകലാശാലയുമായി ചേർന്ന് ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതിൽ താൽപര്യം പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മാർച്ച് 20, 21, 22 തീയതികളിൽ കൺസോർഷ്യം ഫോർ എജ്യൂക്കേഷണൽ കമ്യൂണിക്കേഷൻ ഡയറക്ടറുമായി ന്യൂഡൽഹിയിൽ വച്ച് വൈസ് ചാൻസലറും, പ്രോ വൈസ് ചാൻസലറും, രജിസ്ട്രാറും ചർച്ചകൾ നടത്തുന്നതാണ്.

19. National & International Collaboration ന്റെ ഭാഗമായി Central European University, Jagiellonian University, Groningen University, Central University of Hyderabad, Kerala University of Health Sciences എന്നിവരുമായി ധാരണാപത്രം ഒപ്പുവക്കാനുള്ള നടപടികൾ സ്വീകരിച്ചുവെന്നും റിപ്പോർട്ട് ചെയ്യുന്നു.

20. സർക്കാർ, സർവകലാശാലയ്ക്ക് അനുവദിച്ച 3 പ്രോജക്റ്റ് മോഡ് കോഴ്സുകളിൽ PG Diploma Programmer in Actiive Ageing & Wellness Rehabilitation കോഴ്സിന്റെ പ്രവേശന നടപടികൽ ആരംഭിച്ചു. മറ്റ് രണ്ട് പ്രോജക്റ്റ് മോഡ് കോഴ്സുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

## II. പരിഗണനയ്ക്കുള്ള വിഷയങ്ങൾ/ Items for Considerations

1. **ഇ.ഡി. /11607/എസ്.എസ്.യു.എസ്. /2018**

2021-22 അക്കാദമിക വർഷത്തെ എം.എസ്.ഡബ്ല്യൂ/എം.എഫ്.എ/ പി.ജി.ഡിപ്ലോമ /ഡിപ്ലോമ എന്നീ പ്രോഗ്രാമുകൾ വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കും, 2022 വർഷത്തിൽ എം.ഫിൽ വിജയകരമായി പൂർത്തിയാക്കിയ 2019/2020 അഡ്മിഷൻ വിദ്യാർത്ഥികൾക്കും ഡിഗ്രി അവാർഡ് ചെയ്യുന്നത്- സംബന്ധിച്ച്.

2021-2022 അക്കാദമിക് വർഷത്തെ MSW/ MFA/ PG Diploma/ Diploma എന്നീ പ്രോഗ്രാമുകൾ വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികളുടേയും 2022 വർഷത്തിൽ എം.ഫിൽ വിജയകരമായി പൂർത്തിയാക്കിയ 2019-2020 അഡ്മിഷൻ വിദ്യാർത്ഥികളുടേയും പരീക്ഷാഫലം അംഗീകരിച്ച് ഡിഗ്രി അവാർഡ് ചെയ്യുവാൻ തീരുമാനിച്ചു.

2. **Acd.A1 / 2555 / SSUS / 2017**

Ph.D regulations 2022-Interim Arrangement-ratification-reg.

The Academic Council ratified the action taken by the Vice Chancellor for issuing the University Orders dated 23.11.2022 & 29.11.2022 governing the Ph.D Programme, 2022 till appropriate Regulations are notified.

3. **നം. 3245 /എസിഡി.ബി2 /2021 / എസ്.എസ്.യു.എസ്.**

സീറോ സെമസ്റ്റർ അനുവദിച്ചത് സാധൂകരണം-സംബന്ധിച്ച്.

കാലടി മുഖ്യകേന്ദ്രം 2022 അഡ്മിഷൻ എം.എ സോഷ്യോളജി വിദ്യാർത്ഥിനി റ്റ്വ കെ. കെ -യ്ക്ക് ഒന്നാം സെമസ്റ്റർ സീറോ സെമസ്റ്ററായി കണക്കാക്കി രണ്ടാം സെമസ്റ്ററിൽ പഠനം തുടരാൻ അനുവദിച്ച ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

4. **നം. എസിഡി.ബി2 / 5770 /2021 / എസ്.എസ്.യു.എസ്.**

സീറോ സെമസ്റ്റർ അനുവദിച്ചത് സാധൂകരണം-സംബന്ധിച്ച്.

കാലടി മുഖ്യകേന്ദ്രം 2022 അഡ്മിഷൻ എം.എ ന്യായം വിദ്യാർത്ഥി അഖിലേഷ് നായർ എസ്. പി-യ്ക്ക് ഒന്നാം സെമസ്റ്റർ സീറോ സെമസ്റ്ററായി കണക്കാക്കി രണ്ടാം സെമസ്റ്ററിൽ പഠനം തുടരാൻ അനുവദിച്ച ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

5. **നം. 00331 /എസിഡി.ബി2 / എസ്.എസ്.യു.എസ്. /2022(2)**

സീറോ സെമസ്റ്റർ അനുവദിച്ചത് സാധൂകരണം-സംബന്ധിച്ച്.

കാലടി മുഖ്യകേന്ദ്രം 2022 അഡ്മിഷൻ എം.എ തിയറ്റർ വിദ്യാർത്ഥിനി തസ്നീം എസ് നിസാർ -ന് ഒന്നാം സെമസ്റ്റർ സീറോ സെമസ്റ്ററായി കണക്കാക്കി രണ്ടാം സെമസ്റ്ററിൽ പഠനം തുടരാൻ അനുവദിച്ച ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

6. **നം. 00760 /എസിഡി.ബി2 / എസ്.എസ്.യു.എസ്. /2022(2)**

സീറോ സെമസ്റ്റർ അനുവദിച്ചത് സാധൂകരണം-സംബന്ധിച്ച്.

പയ്യന്നൂർ പ്രാദേശികകേന്ദ്രം 2021 അഡ്മിഷൻ എം.എ മലയാളം വിദ്യാർത്ഥിനി അഞ്ജിത എം. പി-യുടെ മൂന്നാം സെമസ്റ്റർ സീറോ സെമസ്റ്ററായി കണക്കാക്കി നാലാം സെമസ്റ്ററിൽ പഠനം തുടരാൻ അനുവദിച്ച ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

7. **നം.എസിഡി.എ 1 /10685 / എസ്.എസ്.യു.എസ്. /2021**

Ph.D in Visual Arts എന്നത് " Ph.D in Visual Arts & Culture " എന്ന് പുനഃനാമകരണം ചെയ്യുന്നത്- സംബന്ധിച്ച്.

Ph.D in Visual Arts എന്നത് Ph.D in Visual Arts and Culture എന്ന് പുനഃനാമകരണം ചെയ്യുന്ന വിഷയം അക്കാദമിക് കൗൺസിൽ വിശദമായി ചർച്ച ചെയ്തു. സാഹിത്യം, ചരിത്രം തുടങ്ങി വിശാലമായ തലം Culture എന്ന വാക്കിൽ ഉൾപ്പെടുന്നതിനാൽ ഇപ്രകാരം പുനഃനാമകരണം ചെയ്യുമ്പോൾ നിയമപരമായ രീതിയിൽ നടപ്പാക്കുന്നതാണ് ഉചിതമെന്നതിനാൽ പ്രസ്തുത അജണ്ട വിശദമായ പഠനത്തിനായി മാറ്റിവയ്ക്കാനും, ആയതിന് നടപടികൾ സ്വീകരിക്കാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

8. **നം. E.D./9316 /Miscellaneous /SSUS /2021**

എം.എഫ്.എ. 2021 അഡ്മിഷൻ മുതൽ സ്പെഷ്യലൈസേഷൻ സബ്ജക്റ്റ് പ്രത്യേകമായി ഉൾ പ്പെടുത്തിയ ഗ്രേഡ് കാർഡുകൾ നൽകുന്നത് - സംബന്ധിച്ച്.

MFA 2021 പ്രവേശനം മുതൽ വിദ്യാർത്ഥികൾക്ക് Specilalization Subject പ്രത്യേകമായി ഉൾപ്പെടുത്തിയ ഗ്രേഡ് കാർഡുകൾ അനുവദിച്ച വൈസ് ചാൻസലറുടെ നടപടി സാധൂകരിച്ചു.

9. **No. E.A. /4513 /2010 / SSUS**

Award oF Ph.d to Various Candidates- reg.

23.08.2022, 12.10.2022, 07.12.2022 എന്നീ തീയതികളിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ തീരുമാനം അംഗീകരിച്ച് പട്ടികയിൽ പരാമർശിച്ച 27 ഗവേഷകർക്ക് അവരുടെ Open Defence നടന്ന തീയതിയിൽ Ph.D ബിരുദം അവാർഡ് ചെയ്യുവാൻ തീരുമാനിച്ചു.

III. സപ്ലിമെന്ററി അജണ്ട/Supplementary Agenda

1. നം:13692/എസിഡി.ബി1/എസ്.എസ്.യു.എസ്./2022

**Approving the regulation, scheme and syllabus of Project Mode Programmes -reg.**

The Academic Council considered the regulations, schemes and syllabi of the project mode programmes (1) Multi Disciplinary Masters in Disaster Management and mitigation(D M M) and (2) P.G Diploma Programme in Active Ageing and Wellness Rehabilitation. After detailed discussion and deliberation the Academic Council resolved:

1. To start the Programmes in Project Mode.
2. To approve the syllabus, scheme and regulations of the Multi Disciplinary Masters in Disaster Management and Mitigation Programme as approved by the meeting of Board of Studies in DMM chaired by the Dean of Science, Technology & Education and joint meeting of Faculty of Arts & Social Sciences and Science, Technology & Education
3. To approve the syllabus, scheme and regulations of the P.G Diploma Programme in Active Ageing and Wellness Rehabilitation Programme as approved by the Board of Studies in Ayurveda and Faculty of Other Sanskrit Studies.
4. To observe the prevailing reservation policy of the University for admissions to the Project Mode Programmes.

2. **No. Acd.B1 / 10073 /SSUS / 2018**

**Certificate programme in Intersectionality Studies-approval of Syllabus-reg.**

It has been decided to approve the syllabus of Certificate Program - Intersectionality Studies, conducted under Dakshayani Velayudhan Center for Women's Studies considering the minutes approved by the Faculty of Arts and Social Science in its meeting dated 17.01.2023.

3. **No. E.A / 4513 /2010 /SSUS**

**Awrad of Ph.D to various Candidates-reg.**

**(In continuation to the Item No. 10 of Preliminary Agenda-56th Academic council)**

03.02.2023 ലെ സിൻഡിക്കേറ്റ് തീരുമാനം അംഗീകരിച്ച് പട്ടികയിൽ പരാമർശിച്ച 10 ഗവേഷകർക്ക് അവരുടെ Open Defence നടന്ന തീയതിയിൽ പി.എച്ച്.ഡി ഡിഗ്രി Award ചെയ്യുവാൻ തീരുമാനിച്ചു.

**IV. അഡിഷണൽ അജണ്ടകൾ/ Additional agenda**

1. **എസിഡി.സി1 / 16073 / എസ്.എസ്.യു.എസ് / 2019**

**വിദ്യാർത്ഥികൾക്ക് ആർത്തവാവധി, പ്രസവാവധി അനുവദിക്കുന്നതിന് സർവകലാശാലയുടെ ബിരുദ, ബിരുദാനന്തര ബിരുദ റെഗുലേഷനുകളിൽ ഭേദഗതി വരുത്തുന്നത്- സംബന്ധിച്ച്.**

ആർത്തവാവധി പി എച്ച് ഡി റഗുലേഷനിലും ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു. വിദ്യാർത്ഥിനികൾക്ക് ആർത്തവാവധി അനുവദിച്ചുകൊണ്ടും, അറ്റൻഡൻസിനുള്ള മിനിമം പരിധി വിദ്യാർത്ഥിനികൾക്ക് ആർത്തവാവധി ഉൾപ്പെടെ 73% ആയി നിശ്ചയിച്ചുകൊണ്ടും, സർവകലാശാലയിലെ ബിരുദ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലെ 18 വയസ്സ് കഴിഞ്ഞ വിദ്യാർത്ഥിനികൾക്ക് പരമാവധി 60 ദിവസം പ്രസവാവധി നിശ്ചയിച്ചുകൊണ്ടും സർക്കാർ പുറപ്പെടുവിച്ച 19.01.2023 തീയതിയിലെ സ.ഉ (കെ)നം.33/2023/Hedn നംബർ ഉത്തരവ് സർവകലാശാലയിൽ നടപ്പാക്കുവാൻ തീരുമാനിച്ചു.

2. **No.Acd.B1 / 10073/ SSUS / 2018**

**Ability Enhancement course for under graduate programme- approval of Syllabus-reg.**

Considering the Government instruction to include the course Anti Narcotic and Drug Awareness in the degree programme, it was decided to accept and implement the recommendation of the meetings of the Faculty of Arts and Social Sciences held on 24.11.2022 and 27.02.2023.to approve the syllabi of the Ability Enhancement Courses of Environmental Studies in the first semester, Anti Narcotic and Drug Awareness in the second semester and Understanding Gender in the third semester as per the BA Regulation-2022.

3. **No. Acd.B1 / 13692 /SSUS / 2022**

**Approval of the Syllabus of One Year PostGraduate Diploma in Sanskrit Computational Linguistics**

Considering the minutes of the meetings of BOS in Sanskrit General and Faculty of Sanskrit Literature held on 02.03.2023, it was resolved to approve the syllabus and regulations of the One-Year PostGraduate Diploma in Sanskrit Computational Linguistics and to start the programme in Project Mode.

4. **No.01080 /IQAC1 /SSUS / 2023**

**Regulations for Academic Collaborations between SSUS and Foreign Higher Educational Instituitions- 2023**

**SSUS Credit Transfer/ Mobility Policy- 2023**

Draft regulations for framing guidelines for the Academic Collaboration between SSUS and Foreign Higher Education Institutions has been prepared as per the U.G.C notification dated 02.05.2022, f.no.4-1/2022(1C) (Academic Collaboration between Indian and Foreign Higher Education Institutions to offer Twinning, Joint Degree and Dual Degree Programme) which is placed before the Academic Council for consideration. Along with the same, the draft of SSUS Credit Transfer/Mobility Policy 2023 is also placed for the consideration of the Academic Council.

The Academic Council approved the Regulations, and the Credit Transfer Policy with the following conditions:-

- All matters pertaining to finance and funding shall be brought to the consideration of the Syndicate.
- A separate regulations for collaboration with Indian institutions shall be formulated and brought to the consideration of the Academic Council.

5. **No. Acd.B1 /16976 / SSUS / 2022**

**Approval of the Syllabus of -**

1. **P.G Diploma in Arabic Document & Literary Translation**
2. **Diploma Course in Philosophy titled Techno-Philosophy**

The Academic Council considered the syllabus of **'P.G Diploma in Arabic Document & Literary Translation'** and **Diploma Course in Philosophy titled Techno-Philosophy.**

Based on the detailed discussion on the above, the Academic Council resolved:

- To approve the syllabus of the Diploma Programme 'Techno-Philosophy' under the Department of Philosophy, considering the recommendations of meeting of B.O.S in Philosophy and meeting of Faculty of Arts & Social Sciences held on 02/03/2023.
- To direct the H.O.D of Arabic to place the scheme and syllabus of **P.G Diploma in Arabic Document & Literary Translation programme** before the concerned B.O.S and Faculty again for effecting necessary modifications in the duration of the programme in tune with P.G Diploma Regulations of the University.

6. **നം. എസിഡി.സി2 / 12090 / എസ്.എസ്.യു.എസ് / 2022**

**2022 ബി.എ റഗുലേഷൻ(സംസ്കൃതം, ഡാൻസ്, മ്യൂസിക്) പരിഷ്കരണം –സംബന്ധിച്ച്**

2022 ബി എ റഗുലേഷനിൽ (സംസ്കൃതം, ഡാൻസ്, മ്യൂസിക്ക്) Clause 4.14 ൽ Zero Semester നെ സംബന്ധിക്കുന്ന നിബന്ധനയിൽ താഴെ പറയും പ്രകാരം ഭേദഗതി വരുത്തുവാൻ അക്കാദമിക് കൗൺസിൽ തീരുമാനിച്ചു.

" A student is entitled to avail a Zero semester on grounds of ill health or other unavoidable contingencies in attending the academic activities prescribed for that semester. This effectively means repeating the academic activities prescribed for a semester and requires regular attendance. The decision in this regard will be taken by the Vice Chancellor on the basis of the recommendation of a committee appointed by the Vice Chancellor and subject to the ratification by the Academic Council. There will be only one chance to avail Zero semester in a Programme and should be done within two semesters after the completion of the regular programme. In the event of syllabi change during this period, the student should avail the new courses being offered in the semester corresponding to the one that was lost."

7. നം. എസിഡി.ബി1 / 2413 / എസ്.എസ്.യു.എസ് / 2023

**2020 അഡ്മിഷൻ ബി.എ വിദ്യാർത്ഥികളുടെ 5-ാം സെമസ്റ്ററിലെ റഗുലേഷനിൽ നിന്ന് സിലബസിലെ ക്രഡിറ്റിൽ വരുത്തിയ വ്യത്യാസം- സംബന്ധിച്ച്.**

ഇതേ വിഷയം അഡീഷണൽ അജണ്ട 9 ൽ വിശദമായി പ്രതിപാദിക്കുന്നതിനാൽ അജണ്ട നം. 7 പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

8. **No. 6200 /ACD.B1 /SSUS /2022**

**Approval of B.A Restructured Syllabus- 3rd and 4th semesters of B.A Vyakarana Programme 2022 Admissions onwards- reg.**

28.02.2023 ന് കൂടിയ Board of Studies in Sanskrit Vyakarana, Faculty of Sanskrit Vyakarana എന്നീ സമിതികൾ ശുപാർശ ചെയ്ത 2022 ബി എ റഗുലേഷൻ പ്രകാരമുള്ള 3,4 എന്നീ സെമസ്റ്ററുകളിലെ ബി.എ സംസ്കൃത വ്യാകരണത്തിന്റെ സിലബസ് അംഗീകരിക്കുവാൻ തീരുമാനിച്ചു.

9. **നം.ഇ.സി /807 /എസ്.എസ്.യു.എസ് / 2023**

2020 ബി.എ റഗുലേഷൻ /സിലബസ് എന്നിവയിലെ 5-ാം സെമസ്റ്ററിലെ വ്യതിയാനം- സംബന്ധിച്ച്.

2020 ബി എ റഗുലേഷൻ പ്രകാരം 5-ാം സെമസ്റ്റർ BA Sanskrit Vyakarana, Sanskrit Sahitya, Sanskrit & IT, Sanskrit Nyaya, Mohiniyattam, Bharathanatyam എന്നീ പ്രോഗ്രാമുകളുടെ വിവിധ കോഴ്സുകളുടെ ക്രഡിറ്റുകൾ റഗുലേഷനിലും സിലബസിലും ഉള്ള വ്യത്യാസം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് താഴെ പറയും പ്രകാരം ക്രമപ്പെടുത്തി അംഗീകരിക്കുവാൻ തീരുമാനിച്ചു.

**ബി.എ. സംസ്കൃതം സാഹിത്യം**

| Course Code | Title of the Course | Credit in BA Regulation | Credit in Syllabus | Resolution of 56th Academic Council Meeting held on |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | 07.03.2023 |
| VBUSAM405 | Core 5- Sankhya & Nyaya | 4 | 4 | റെഗുലേഷൻ പ്രകാരമുള്ള ക്രെഡിറ്റ് സിലബസിൽ ഉൾ പ്പെടുത്തിയത് അംഗീകരിച്ചു. |
| VBUSAM408 | Core 8 – Sanskrit Drama | 3 | 3 | |

**ബി.എ. സംസ്കൃതം & ഐ.ടി.**

| Course Code | Title of the Course | Credit in BA Regulation | Credit in Syllabus | Resolution of 56th Academic Council Meeting held on 07.03.2023 |
|---|---|---|---|---|
| VBUSIM655 | Core 5- Knowledge Representation in Sanskrit | 4 | 4 | റെഗുലേഷൻ പ്രകാരമുള്ള ക്രെഡിറ്റ് സിലബസിൽ ഉൾ പ്പെടുത്തിയത് അംഗീകരിച്ചു. |
| VBUSIM658 | Core 8- Programming in Python | 3 | 3 | |

**ബി.എ. സംസ്കൃതം ന്യായം**

| Course Code | Title of the Course | Credit in BA Regulation | Credit in Syllabus | Resolution of 56th Academic Council Meeting held on 07.03.2023 |
|---|---|---|---|---|
| VBUNYM506 | Core 6- Bharateeyasthika darsanetihasaha | 4 | 4 | റെഗുലേഷൻ പ്രകാരമുള്ള ക്രെഡിറ്റ് സിലബസിൽ ഉൾപ്പെടുത്തിയത് അംഗീകരിച്ചു. |
| VBUNYM507 | Core 7- Vaisesikadarsan-aprakaranagrandhaha | 3 | 3 | |

**ബി.എ. സംസ്കൃതം വ്യാകരണം**

| Course Code | Title of the Course | Credit in BA | Credit in Syllabus | Resolution of 56th Academic Council Meeting |
|---|---|---|---|---|

| | | Regulation | | held on 07.03.2023 |
|---|---|---|---|---|
| VBUVYM565 | Core 7- Stripratyayakarakasamasah | 3 | 3 | ക്രെഡിറ്റുകളിൽ വന്നിട്ടുള്ള ഈ വ്യത്യാസം സംബന്ധിച്ച് 28.02.2023 ൽ നടത്തുന്ന Board of Studies, Faculty meeting കളിൽ വച്ച് തീരുമാനിച്ച് റെഗുലേഷനനുസൃതമായി മാറ്റം വരുത്തിയത് അംഗീകരിച്ചു |
| VBUVYM566 | Core 8- Mahabhashyam (1&2 Ahnikas) | 3 | 3 | |
| VBUVYM570 | Kavyanamvyakaranadrshtya | 4 | 4 | |
| VBUVYM | Project | 2 | 2 | |

## ബി.എ. മോഹിനിയാട്ടം

| Course Code | Title of the Course | Credit in BA Regulation | Credit in Syllabus | Resolution of 56th Academic Council Meeting held on 07.03.2023 |
|---|---|---|---|---|
| VBUMOM760 | Core 6 – Ancient Indian Dance Traditions | 3 | 3 | സിലബസ് പ്രകാരം ഉള്ള ക്രെഡിറ്റുകൾ കൃത്യമാണെന്നും റെഗുലേഷൻ പ്രകാരം കോഴ്സുകളുടെ ക്രെഡിറ്റുകൾ പരസ്പരം മാറിപ്പോയതാണെന്നും വകുപ്പ് മേധാവി അറിയിച്ചിട്ടുണ്ട്. ഇപ്രകാരം മോഹിനിയാട്ടത്തിന്റെ ടി റെഗുലേഷനിൽ കോഴ്സുകളുടെ ക്രെഡിറ്റ് സംബന്ധിച്ച ഭേദഗതി വരുത്തി നടപ്പാക്കുവാൻ തീരുമാനിച്ചു. |
| VBUMOM761 | Core 7 – Introduction to Indian Classical Dances | 4 | 4 | |

## ബി.എ. ഭരതനാട്യം

അഞ്ചാമത്തെ സെമസ്റ്ററിലെ കോഴ്സുകൾ Core 7, Core 8 എന്ന രീതിയിലും, 6-ാമത്തെ സെമസ്റ്ററിലെ കോഴ്സുകൾ Core 9, Core 10 എന്ന രീതിയിലും റെഗുലേഷനനുസൃതമായി സിലബസിൽ തിരുത്തൽ വരുത്തിയത് അക്കാദമിക് കൗൺസിൽ അംഗീകരിച്ചു.

10. എസിഡി.സി2/ 8998/ എസ്.എസ്.യു.എസ് / 2022

2020 ബി.എഫ്.എ റഗുലേഷൻ ഭേദഗതികൾ വരുത്തുന്നത്-സംബന്ധിച്ച്.

2020 ബി എഫ് എ റഗുലേഷനിൽ ഭേദഗതി വരുത്തുന്ന വിഷയം വിശദമായി ചർച്ച ചെയ്തു. ബി എ പ്രോഗ്രാമിന് 7 point scale ഉം BFA പ്രോഗാരമിന് 9 point scale ലുമാണ് റഗുലേഷൻ പ്രകാരം ഗ്രേഡിങ്ങ് തയ്യാറാക്കി സമർപ്പിച്ചിരിക്കുന്നത് എന്ന് യോഗം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ painting വിഭാഗം അധ്യാപകരും സംസ്കൃത വിഭാഗം അധ്യാപകരും ഒരുമിച്ചിരുന്ന് ചർച്ച ചെയ്ത് അനുയോജ്യമായ ശിപാർശ സമർപ്പിക്കുവാനും, ടി ശിപാർശ നടപ്പാക്കി അടുത്ത അക്കാദമിക് കൗൺസിലിൽ റിപ്പോർട്ട് ചെയ്യുവാനും ബഹു.വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.

## V. പ്രമേയങ്ങൾ / Resolutions

1. **ശ്രീ. അരുൺജിത്ത് ടി.പി അവതരിപ്പിച്ച് ഡോ. ടി. ജി. ജ്യോതിലാൽ, വകുപ്പ് മേധാവി പെയന്റിംഗ് പിന്താങ്ങുന്ന പ്രമേയം BFA ഡിപ്പാർട്ട്മെന്റിൽ സ്പെഷ്യലൈസേഷൻ തിരഞ്ഞെടുക്കുന്നത്-സംബന്ധിച്ച്.**

   BFA പ്രോഗ്രാമിന്റെ മൂന്നാം സെമസ്റ്ററിൽ Specialization തിരഞ്ഞെടുക്കുന്നതിന് സംസ്കൃത കോഴ്സുകൾ ഒഴിവാക്കി Core Course മാത്രം പരിഗണിച്ച് വിദ്യാർത്ഥികൾക്ക് അവസരം നൽകണമെന്ന പ്രമേയം ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ തീരുമാനിച്ചു.

2. **ശ്രീ. അരുൺജിത്ത് ടി.പി അവതരിപ്പിച്ച് ഡോ. ടി. ജി. ജ്യോതിലാൽ, വകുപ്പ് മേധാവി പെയന്റിംഗ് പിന്താങ്ങുന്ന പ്രമേയം**

   ബി.എഫ്.എ പെയ്ന്റിംഗ് എന്ന പേര് മാറ്റി Visual Art എന്നാക്കുന്നത് -സംബന്ധിച്ച്.

   ഇതേ വിഷയം പ്രിലിമിനറി അജണ്ട ഇനം നം.7 ൽ വിശദമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനത്തിനായി മാറ്റിവച്ചു.

3. **കുമാരി/ശ്രീമതി പ്രവീണ കെ അവതരിപ്പിച്ച് അരുൺജിത്ത് ടി.പി പിന്താങ്ങുന്ന പ്രമേയം**

ബിരുദ- ബിരുദാനന്തര ഇന്റേണൽ അസ്സസ്മെന്റ് രീതി പുനഃക്രമീകരിക്കുന്നത്- സംബന്ധിച്ച്.

ടി വിഷയത്തിൽ തീരുമാനമെടുക്കുന്നതിന് ബോർഡ് ഓഫ് സ്റ്റഡീസ് ഫാക്കൽറ്റി എന്നിവയുടെ ശിപാർശ ആവശ്യമായതിനാൽ ടി പ്ര മേയം മാറ്റി വയ്ക്കുവാൻ തീരുമാനിച്ചു .

4. **കുമാരി/ശ്രീമതി പ്രവീണ കെ അവതരിപ്പിച്ച് അരുൺജിത്ത് ടി.പി പിന്താങ്ങുന്ന പ്രമേയം**

സർവകലാശാല പുതുതായി അംഗീകരിച്ച പി.എച്ച്.ഡി റെഗുലേഷൻ 2022 ലെ ചില വ്യവസ്ഥകൾ മുഴുവൻ ഗവേഷകർക്കും പ്രയോജനകരമാണ്.ആയതിനാൽ ഇവയുടെ ഗുണഫലങ്ങൾ മുൻകാല ഗവേഷകർക്കു ലഭ്യമാക്കുന്നത്- സംബന്ധിച്ച്.

സർവകലാശാല പുതുതായി അംഗീകരിച്ച പി.എച്ച്.ഡി റഗുലേഷൻ 2022 ലെ ചില വ്യവസ്ഥകൾ മുഴുവൻ ഗവേഷകർക്കും പ്രയോജനകരമായിരിക്കുമെന്ന പ്രമേയം പി.എച്ച്.ഡി റഗുലേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിച്ചു.

5. **കുമാരി/ശ്രീമതി പ്രവീണ കെ അവതരിപ്പിച്ച് അരുൺജിത്ത് ടി.പി പിന്താങ്ങുന്ന പ്രമേയം**

എം.എസ്.സി സൈക്കോളജി സിലബസ് കാലാനുസതമായി പരിഷ്ക്കരിക്കുന്നത്- സംബന്ധിച്ച്.

എം.എസ്.സി സൈക്കോളജിയുടെ സിലബസ് കാലാനുസൃതമായി പരിഷ്കരിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസിൽ സമർപ്പിക്കുവാൻ തീരുമാനിച്ചു.

6. **കുമാരി/ശ്രീമതി പ്രവീണ കെ അവതരിപ്പിച്ച് ഡോ. ടി. ജി. ജ്യോതിലാൽ, വകുപ്പ് മേധാവി പെയന്റിംഗ് പിന്താങ്ങുന്ന പ്രമേയം**

ബി.എഫ്.എ ഡിപ്പാർട്ട്മെന്റിൽ മതിയായ അദ്ധ്യാപകരെ നിയമിക്കുന്നത്- സംബന്ധിച്ച്.

ബി.എഫ്.എ പ്രോഗ്രാം നടത്തുന്ന പഠന വകുപ്പിൽ മതിയായ അധ്യാപകരെ നിയമിക്കണമെന്ന പ്രമേയം അനുഭാവപൂർവ്വം പരിഗണിക്കുവാൻ തീരുമാനിച്ചു.

**ഒപ്പ്**

**വൈസ് ചാൻസലർ**